ഉത്തരം

(എ) ടൂറിസം വകുപ്പിന്റെ പരിഗണനയിൽ ഇപ്പോഴില്ല. ഇത്തരമൊരു നിർദ്ദേശം വന്നാൽ അതിനെക്കുറിച്ച് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബാധകമല്ല.

പന്തളത്ത് അയ്യപ്പഭക്തരുടെ സൗകര്യത്തിനായി ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ

8 [3462] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത ശബരിമല സീസൺ ആരംഭിക്കുന്നതിനുമുൻപ് ലക്ഷക്കണക്കിന് ഭക്തജനങ്ങൾ എത്തിച്ചേരുന്ന പന്തളത്ത് അയ്യപ്പഭക്തരുടെ സൗകര്യത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിക്കപ്പെട്ട പന്തളത്തിന്റെ പ്രാധാന്യം പരിഗണിച്ച് അടുത്ത ശബരിമല സീസണുമുൻപ് ആധുനിക രീതിയിലുള്ള ശൗചാലയം, താമസസൗകര്യം മറ്റ് അത്യാവശ്യകാര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) പന്തളത്തിന്റെ വിപുലമായ തീർത്ഥാടന ആവശ്യങ്ങൾ പരിഗണിച്ച് പന്തളത്തിന്റെ വികസനത്തിന് ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കുമോ?

ഉത്തരം

(എ) പന്തളം വലിയകോയിക്കൽ ക്ഷേത്രം ഇടത്താവളമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രഖ്യാപിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് വിശ്രമിക്കുവാനും വിരി വയ്ക്കുവാനുമുള്ള ഷെൽട്ടറുകൾ, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, ഔഷധീകരിച്ച ദാഹജലവിതരണം തുടങ്ങി ഇടത്താവളങ്ങളിലേർപ്പെടുത്തുന്ന എല്ലാ സജ്ജീകരണങ്ങളും ഇവിടെ ഈ വർഷവും ഏർപ്പെടുത്തുന്നുണ്ട്.

(ബി) ശൗചാലയം, വിരി വയ്ക്കുന്നതിനുള്ള സൗകര്യം, മറ്റ് അത്യാവശ്യ കാര്യങ്ങൾ എന്നിവ മുൻവർഷത്തെപ്പോലെ ബോർഡ് ഏർപ്പെടുത്തുന്നുണ്ട്. പുതിയ നിർമ്മാണങ്ങൾ നടത്തുന്നതിന് സ്ഥലം ലഭ്യമല്ല.

(സി) പന്തളത്തിന്റെ വികസനം സംബന്ധിച്ച് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന കാര്യം തൽക്കാലം ബോർഡിന്റെ പരിഗണനയിലില്ല.

GPM.2/610/2012—7

LIBRARY ARCHIVES Kerala Legislative Assembly